## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5070 — 01/07/2013-ൽ മറുപടിക്ക്

## അതിരപ്പിള്ളി പഞ്ചായത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അതിരപ്പിള്ളി പഞ്ചായത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി | വാച്ചുമരം കോളനിയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷിക്കും, വീടുവയ്ക്കുന്നതിനുമായി ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; അറിയിക്കുമോ ; | ബി യും സി യും | വാച്ചുമരം കോളനിയിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും വനാവകാശ രേഖ നൽകിയിട്ടുണ്ട്. നാമമാത്രമായ ഭൂമി ഉള്ളവർക്കും ഭൂമി ഇല്ലാത്തവർക്കും കൃഷിക്കും, വീടുവയ്ക്കുന്നതിനുമായി ഒരേക്കർ വനഭൂമി ലഭ്യമാക്കുന്നതിന് വാച്ചുമരം കോളനിയോടു ചേർന്ന ആനമുക്ക് ഭാഗത്തെ 50 ഏക്കർ വനഭൂമി 1980 ലെ കേന്ദ്ര വനം നിയമം ഇളവു ചെയ്ത് ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |
| സി | ഭൂമി ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ